

ടിനി ഫിലിപ്പ്

**The Contrarian Consultant**

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*

# റെക്കോഡ് ജി.എസ്.ടി വരുമാനം കുതിക്കുന്ന സമ്പദ്‌വ്യവസ്ഥയുടെ ലക്ഷണമോ?

## ജി.എസ്.ടി വർധനവിന്റെ യഥാർത്ഥ കാരണം മനസിലാക്കാം




ഞാൻ കണ്ടുമുട്ടുന്ന പല സംരംഭകരും സമ്പദ്‌വ്യവസ്ഥ കുതിക്കുന്നതിന് ഒരു പ്രധാന കാരണമായി ചൂണ്ടിക്കാട്ടുന്നത് പതിവായി റെക്കോഡ് ഭേദിച്ച് മുന്നേറുന്ന ജി.എസ്.ടി വരുമാനം പോലുള്ള സൂചകങ്ങളെയാണ്.

നോട്ട് പിൻവലിക്കൽ നടപടി, ജി.എസ്.ടിയുടെ തെറ്റായ നടപ്പാക്കൽ, കോവിഡും അത് ഉയർത്തിയ പ്രശ്നങ്ങളെ നേരിടാനുള്ള ശരിയായ നയങ്ങളുടെ അഭാവം തുടങ്ങിയ കാരണങ്ങളാൽ ഞാൻ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ അത്ര പോസിറ്റീവായല്ല കാണുന്നത്.

'യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽ പോസിറ്റീവായി ചിന്തിക്കുക' എന്നതിന്റെ വക്താവാണ് താനെന്നും മറിച്ച് 'പ്രതീക്ഷകളുടെ അടിസ്ഥാനത്തിൽ പോസിറ്റീവായി ചിന്തിക്കുന്ന' ആളല്ലെന്നും വായനക്കാർക്ക് അറിയാം.

ജി.എസ്.ടിയിലെ റെക്കോഡ് വരുമാന കണക്കുകളെ ഞാൻ സംശയത്തോടെയാണ് കാണുന്നത്. ജി.എസ്.ടിയുടെ റെക്കോഡ് ഭേദിക്കുന്ന കണക്കുകൾ ഇല്ലെങ്കിൽ അതിനർത്ഥം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ തകരുന്നു എന്നാണ്.

**ജി.എസ്.ടിയുടെ റെക്കോഡ് ഭേദിക്കുന്ന കണക്കുകൾ ഇല്ലെങ്കിൽ അതിനർത്ഥം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ തകരുന്നു എന്നാണ്**

എന്താണ് ഞാൻ അർത്ഥമാക്കുന്നതെന്ന് വിശദമാക്കാം.

2023, 2022 സാമ്പത്തിക വർഷങ്ങളിലെ ജനുവരി-മാർച്ച് ത്രൈമാസത്തിലെ ജി.എസ്.ടി വരുമാനം നോക്കുക. ചിത്രം 1.

*Figure 1 - GST Collection Figures - Jan to March Quarter, FY23 and FY22*

| Month | GST Collection (Rs Cr) | | | GST Collection Increase % |
|---|---|---|---|---|
| | FY23 | FY22 | Increase | |
| Mar | 1,60,122 | 1,42,095 | 18,027 | 12.69% |
| Feb | 1,49,577 | 1,33,026 | 16,551 | 12.44% |
| Jan | 1,57,554 | 1,40,986 | 16,568 | 11.75% |
| Total | 4,67,253 | 4,16,107 | 51,146 | 12.29% |

ചിത്രം ഒന്നിൽ കാണുന്നത് പോലെ 2023 സാമ്പത്തിക വർഷത്തെ ജനുവരി മുതൽ മാർച്ച് വരെയുള്ള ഓരോ മാസവും ജി.എസ്.ടിയിൽ റെക്കോഡ് വരുമാനമാണ് നേടിയിരിക്കുന്നത്. ആ പാദത്തിലെ ജി.എസ്.ടി വരുമാനത്തിലെ ശരാശരി വളർച്ച 12.29 ശതമാനമാണ്.

ഈ കണക്കുകളാണ് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ കുതിച്ചുയരുകയാണെന്ന് വിശ്വസിക്കാൻ പല സംരംഭകരെയും പ്രേരിപ്പിക്കുന്നത്.

ഓരോ വർഷവും ജി.എസ്.ടി വരുമാനം കൂടാൻ കാരണമാകുന്ന വിവിധ ഘടകങ്ങൾ ഏതൊക്കെയെന്ന് പരിശോധിക്കാം.

ആദ്യത്തേത് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ ഉൽപ്പാദിപ്പിക്കുന്ന/ഉപഭോഗം ചെയ്യപ്പെടുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും യഥാർത്ഥ വർധനവാണ്.

രണ്ടാമത്തെ കാരണം, ചരക്കുകളുടെയും സേവനങ്ങളുടെയും വില വർധനവിനെ തുടർന്നുള്ള പണപ്പെരുപ്പം മൂലമുണ്ടാകുന്ന വർധന.

ജി.എസ്.ടിയുടെ പരിധിയിലേക്ക് കടക്കുന്ന ബിസിനസുകളുടെ എണ്ണത്തിലുണ്ടാകുന്ന വർധനയാണ് മൂന്നാമത്തെ കാരണം.

അസംഘടിത മേഖലയിൽ നിന്ന് ഡിമാൻഡ് സംഘടിത മേഖലയിലേക്ക് മാറുന്നുവെന്നതാണ് അവസാനത്തെ കാരണം. ഏറെ പേർക്ക് തൊഴിൽ നൽകുന്ന അസംഘടിത മേഖലയിൽ വൻതോതിൽ തൊഴിലവസരങ്ങൾ ഇല്ലാതാകുന്നു എന്നാണ് അതിനർത്ഥം. മുൻ ലക്കത്തിലെ ലേഖനത്തിൽ ഞാനിത് വിശദമാക്കിയിട്ടുണ്ട്.

ഈ കാരണങ്ങൾ ചിത്രം രണ്ടിൽ കാണിച്ചിരിക്കുന്നു.

*Figure 2 - Reasons for Increase in GST Collection*




ഞാൻ വിശദീകരിച്ച കാര്യത്തെ കുറിച്ച് പഠിച്ച്, ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശരിക്കും കുതിച്ചുയരുന്നുണ്ടോ എന്നതു സംബന്ധിച്ച് സ്വന്തമായി നിഗമനത്തിലെത്താനുള്ള സ്വാതന്ത്ര്യം വായനക്കാർക്ക് വിടുന്നു.

വിജയിയായ ഒരു സംരംഭകൻ പിന്തുടരേണ്ടത് 'യാഥാർത്ഥ്യത്തെ അടിസ്ഥാനമാക്കി പോസിറ്റീവായി ചിന്തിക്കുക' എന്ന സിദ്ധാന്തമാണ്. അല്ലാതെ 'പ്രതീക്ഷ അടിസ്ഥാനമാക്കി പോസിറ്റീവായി ചിന്തിക്കുക' എന്നതല്ല. ■

GEOJIT
PEOPLE YOU PROSPER WITH



വീട്ടിലിരുന്ന് സമ്പാദിക്കാം
with Geojit Business Partner Program
മാസംതോറും 1 ലക്ഷം രൂപയിലധികം സമ്പാദിക്കൂ*
• Zero Investment • Complete Branding & Training Support
*T&C Apply
ബിസിനസ്സ് പങ്കാളിയാകുന്നതിന്
1800 425 5501 / 1800 103 5501(ടോൾ ഫ്രീ), 0484 4114306, ഇമെയിൽ: customercare@gmail.com
ക്യൂആർ കോഡ് സ്കാൻചെയ്യൂ
Geojit Financial Services Ltd., Registered Office: 34/659-P, Civil Line Road, Padivattom, Kochi-682024, Kerala, India. Corporate Identity Number: L67120KL1994PLC008403, SEBI Stock Broker Registration No INZ000104737, Research Entity SEBI Reg No: INH200000345, Investment Adviser SEBI Reg No: INA200002817, Portfolio Manager: INP000003203, Depository Participant: IN-DP-325-2017, ARN Regn.Nos:0098, IRDA Corporate Agent (Composite) No.: CA0226.Member: NSE TM ID 13372, BSE TM ID 328, MCX TM ID 55920, NCDEX TM ID 1243.